REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 22-01-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **ഒരു ദിവസത്തെ സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ തിരുവനന്തപുരത്ത്. കേരളത്തിന് അനുവദിച്ച നാല് പുതിയ ട്രെയിനുകൾ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.**
- **ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നന്ദി പ്രമേയ ചർച്ചയ്ക്ക് നിയമസഭയിൽ ഇന്നു തുടക്കമാകും.**
- **മെഡിസെപ് മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയുടെ രണ്ടാം ഘട്ടം ഫെബ്രുവരി ഒന്നിന് നിലവിൽ വരുമെന്ന് മന്ത്രി KN ബാലഗോപാൽ.**
- **സംസ്ഥാന ഗവൺമെന്റിന്റെ ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരത്തിലെ സ്കൂൾതല വിദ്യാഭ്യാസ ജില്ലാ മത്സരം ഇന്ന്.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ സന്ദർശനത്തിന് നാളെ തിരുവനന്തപുരത്ത് എത്തും. പുത്തരിക്കണ്ടം മൈതാനിയിൽ കേരളത്തിന് അനുവദിച്ച നാല് പുതിയ ട്രെയിനുകൾ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. മൂന്ന് അമൃത് ഭാരത് എക്സ്പ്രസുകളും, തൃശൂർ- ഗുരുവായൂർ പാസഞ്ചർ ട്രെയിനുമാണ് കേരളത്തിന് അനുവദിച്ചത്. തുടർന്ന് BJP സംഘടിപ്പിക്കുന്ന പരിപാടിയിൽ തിരുവനന്തപുരം നഗര വികസന രേഖ നരേന്ദ്രമോദി പ്രഖ്യാപിക്കും.

തിരുവനന്തപുരം ബയോ-360 ലൈഫ് സയൻസസ് പാർക്കിലെ CSIR–NIIST ഇന്നൊവേഷൻ, ടെക്നോളജി ആൻഡ് ഓൻട്രപ്രണർഷിപ്പ് ഹബ്ബിനും പ്രധാനമന്ത്രി തറക്കല്ലിടും. നരേന്ദ്ര മോദിയുടെ സന്ദർശനത്തിന്റെ

പശ്ചാത്തലത്തിൽ  തിരുവനന്തപുരം നഗരത്തിൽ സുരക്ഷാ സന്നാഹങ്ങൾ ശക്തമാക്കി.

✪✪✪

മയക്കുമരുന്നുകൾ വേണ്ടെന്നുവെയ്ക്കാനും സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗത്തിലും, മനസ്സിനെ നിയന്ത്രിക്കുന്നതിലും ശ്രദ്ധ പുലർത്താനും പുതുതലമുറ തയ്യാറാകണമെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ആഹ്വാനം ചെയ്തു. പരാജയങ്ങൾക്കു മുന്നിൽ തകർന്നുപോകരുതെന്നും, ആത്മാർത്ഥതയിലൂടെയും, കഠിനാധ്വാനത്തിലൂടെയും ഇന്നല്ലെങ്കിൽ നാളെ വിജയം നേടിയെടുക്കാമെന്ന് ചിന്തിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ബംഗലൂരു CMR ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ രജതജൂബിലി ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു ഉപരാഷ്ട്രപതി.

✪✪✪

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നന്ദി പ്രമേയ ചർച്ചയ്ക്ക് നിയമസഭയിൽ ഇന്നു തുടക്കമാകും.  തെരഞ്ഞെടുപ്പിന് തൊട്ടു മുൻപത്തെ സമ്മേളനം ആയതിനാൽ  സഭ ശക്തമായ വാദപ്രതിവാദങ്ങൾക്ക് വേദിയായേക്കും.  ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ പേരുമാറ്റവും, സാമ്പത്തിക ബാധ്യതയും സംബന്ധിച്ച ശ്രദ്ധ ക്ഷണിക്കൽ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ഗവൺമെന്റ് ജീവനക്കാർക്കും, പെൻഷൻകാർക്കും, ആശ്രിതർക്കും ഏർപ്പെടുത്തിയ മെഡിസെപ് മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയുടെ രണ്ടാം ഘട്ടം ഫെബ്രുവരി ഒന്നിന് നിലവിൽ വരുമെന്ന് മന്ത്രി KN ബാലഗോപാൽ അറിയിച്ചു. പദ്ധതിയിലെ ഇപ്പോഴത്തെ എല്ലാ ഗുണഭോക്താക്കൾക്കും പുതുക്കിയ പദ്ധതിയിലും ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. പ്രതിമാസ പ്രീമിയം 687 രൂപയായിരിക്കും. ഓറിയന്റൽ ഇൻഷുറൻസ് കമ്പനിക്കാണ് പദ്ധതിയുടെ നിർവഹണ ചുമതല.

✪✪✪

മാധ്യമങ്ങൾക്ക് കേസന്വേഷണ വിവരം നൽകുമ്പോൾ പൊലീസ് പാലിക്കേണ്ട നയം തയ്യാറാക്കാൻ സുപ്രീംകോടതി സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി. സുപ്രിംകോടതിയിലെ മുതിർന്ന അഭിഭാഷകനും, അമിക്കസ്ക്യൂറിയുമായ ഗോപാൽ ശങ്കരനാരായണൻ തയ്യാറാക്കിയ മാനുവലിന്റെ അടിസ്ഥാനത്തിൽ നയം രൂപീകരിക്കാനാണ് ഡിവിഷൻബെഞ്ചിന്റെ നിർദ്ദേശം. രണ്ടാഴ്ചക്കകം

മാനുവൽ സുപ്രീംകോടതി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനും ഡിവിഷൻബെഞ്ച് ആവശ്യപ്പെട്ടു.

രാജ്യത്തെ ഏറ്റവും ചലനാത്മകമായ മെട്രോപൊളിറ്റൻ നഗരങ്ങളിലൊന്നാണ് ഹൈദരാബാദ്. നഗരത്തിന് വിശ്വസനീയവും കാര്യക്ഷമവും സുസ്ഥിരവുമായ ഗതാഗത സൗകര്യമൊരുക്കാൻ ഉയർന്ന ശേഷിയോടുകൂടിയ മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റമായാണ് ഹൈദരാബാദ് മെട്രോ റെയിൽ പദ്ധതി വിഭാവനം ചെയ്തത്.

മെട്രോയുടെ ഒന്നാം ഘട്ടത്തിൽ 2015 ഡിസംബർ 30 ന് പദ്ധതി പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതലയ യോഗം അവലോകനം ചെയ്തു. മെട്രോ കമ്മീഷൻ ചെയ്യുന്നതിന് സ്ഥാപനപരവും സാമ്പത്തികവുമായ കാര്യങ്ങൾ തടസ്സമാകുന്നില്ലെന്ന് ഉറപ്പാക്കാൻ പ്രധാനമന്ത്രി നിർദ്ദേശം നൽകി. മെട്രോയുടെ സുഗമവും സമയബന്ധിതവുമായ കമ്മീഷനിംഗ് ഉറപ്പാക്കാൻ തെലങ്കാന ഗവേണ്മെന്റിനോടും, ധനകാര്യ വകുപ്പിനോടും, നഗരവികസന മന്ത്രാലയത്തോടും മോദി ആവശ്യപ്പെട്ടു. ഈ ഇടപെടൽ പദ്ധതിയ്ക്ക് വ്യക്തതയും വേഗതയും കൂട്ടി.

✪✪✪

കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലറായി ഡോ.P രവീന്ദ്രനെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നിയമിച്ചു. [IIT മദ്രാസിൽ നിന്ന് ഡോക്ടറേറ്റ് നേടിയ രവീന്ദ്രൻ ഉന്നതതല വിദ്യാഭ്യാസമേഖലക്ക് അന്താരാഷ്ട്ര നിലവാരത്തിൽ ഗവേഷണ സംഭാവനകൾ നൽകിയിട്ടുണ്ട്. ഗ്രീൻ കെമിസ്ട്രി, നാനോ സയൻസ്, കാർബൺ ഡയോക്സൈഡ് ഉപയോഗസാധ്യതകൾ തുടങ്ങിയ മേഖലകളാണ് ഡോ.രവീന്ദ്രന്റെ ഗവേഷണ മേഖല.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരത്തിലെ സ്കൂൾതല വിദ്യാഭ്യാസ ജില്ലാ മത്സരം ഇന്ന് നടത്തും. സ്കൂൾ തലത്തിൽ വിജയിച്ച രണ്ട് ടീമുകൾ വീതം വിദ്യാഭ്യാസ ജില്ലാ മത്സരത്തിൽ പങ്കെടുക്കും. രാവിലെ 11 മുതൽ സംസ്ഥാന വ്യാപകമായി മത്സരം ആരംഭിക്കും.

✪✪✪

കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ ഒൻപതാം പതിപ്പ് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കോഴിക്കോട് ബീച്ചിൽ ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ വംശജയായ ബഹിരാകാശ യാത്രിക സുനിത വില്യംസ്, നടൻ പ്രകാശ് രാജ്, തമിഴ്നാട് IT മന്ത്രി പളനിവേൽ ത്യാഗരാജൻ എന്നിവരടക്കം പ്രമുഖർ

സാഹിത്യോത്സവത്തിൽ പങ്കെടുക്കും. തുടർദിവസങ്ങളിൽ ഒളിമ്പ്യൻ ബെൻജോൺസൺ, നൊബേൽ ജേതാക്കളായ അബ്ദുൾ റസാഖ് ഗുർള, അഭിജിത് ബാനർജി, ബുക്കർപ്രൈസ് ജേതാക്കളായ കിരൺദേശായി, ബാനു മുഷ്താഖ്, ജ്ഞാനപീഠ ജേതാവ് പ്രതിഭാറായ്, ചരിത്രകാരി റോമില ഥാപ്പർ, വിക്കിപീഡിയ സ്ഥാപകൻ ജിമ്മിവെയ്ൽസ് തുടങ്ങിയവരും വിവിധ രംഗങ്ങളിലെ പ്രമുഖരും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

ദേശീയ റോഡ് സുരക്ഷാ മാസാചരണത്തിന്റെ സംസ്ഥാന തല ചടങ്ങ് തിരുവനന്തപുരത്ത് രാവിലെ മന്ത്രി KB ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്യും. ഗതാഗത കമ്മീഷണർ നാഗരാജു ചകില്ലവും മുതിർന്ന ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുക്കും.

✪✪✪

തിരഞ്ഞെടുപ്പ് പ്രക്രിയയിൽ സാങ്കേതികവിദ്യയെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തിയ മികച്ച ജില്ലയ്ക്ക് ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തിയ പുരസ്കാരം കാസർകോട് ജില്ലയ്ക്ക് ലഭിച്ചു. ഈ മാസം 25-ന് ന്യൂഡൽഹിയിലെ മനേക്ഷാ സെന്ററിൽ അവാർഡ് സമ്മാനിക്കും. 2024 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ക്യൂ ആർ കോഡ് ഉൾപ്പടെ നവീന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിയതിനാണ് അവാർഡ്.

✪✪✪

കണ്ണൂർ പെരിങ്ങോം CRPF കേന്ദ്രത്തിൽ പരിശീലനം പൂർത്തിയാക്കിയ കാഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് അൽപസമയത്തിനകം.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

....(വോയ്സ്)...............

✪✪✪

ബസിലെ ലൈംഗികാതിക്രമ ആരോപണത്തെത്തുടർന്ന് കോഴിക്കോട്ട് യുവാവ് ജീവനൊടുക്കിയ സംഭവത്തിൽ പ്രതി ചേർത്ത ഷിംജിത മുസ്തഫയെ കുന്ദമംഗലം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. ഇവരെ പൊലീസ് മഞ്ചേരി ജയിലിലെത്തിച്ചു.

വടകരയിലെ ബന്ധുവീട്ടിൽ നിന്നാണ് ഷിംജിതയെ പൊലീസ് കസ്റ്റഡിയിലെടുത്തത്. സ്വകാര്യ വസ്ത്രനിർമാണ സ്ഥാപനത്തിന്റെ

സെയിൽസ് എക്സിക്യൂട്ടീവായ യുവാവ് ജോലി ആവശ്യത്തിനു കണ്ണൂർ പയ്യന്നൂരിലെത്തിയപ്പോഴാണു വിഡിയോയ്ക്ക് ആധാരമായ സംഭവം.

✪✪✪

ദീപക്കിന്റെ കുടുംബത്തിന് നീതി ലഭ്യമായില്ലെങ്കിൽ പോരാട്ടം തുടരുമെന്ന് BJP കോഴിക്കോട് സിറ്റി ജില്ലാ പ്രസിഡന്റ് പ്രകാശ്ബാബു പറഞ്ഞു. പ്രതിയെ സംരക്ഷിക്കാൻ നീക്കം നടക്കില്ലെന്ന് ഉറപ്പുവരുത്തുമെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

കണ്ണൂർ തയ്യിലിലെ ഒന്നരവയസ്സുകാരൻ വിയാനെ കടലിൽ എറിഞ്ഞു കൊന്ന കേസിൽ ശിക്ഷ ഇന്ന് വിധിക്കും. കേസിലെ പ്രതിയായ വിയാന്റെ അമ്മ ശരണ്യ വത്സരാജ് കുറ്റക്കാരിയാണെന്ന് തളിപ്പറമ്പ് അഡീഷണൽ സെഷൻസ് കോടതി കണ്ടെത്തിയിരുന്നു.

✪✪✪

താമരശ്ശേരി ചുരത്തിൽ ഇന്നും, നാളെയും ഗതാഗത നിയന്ത്രണമേർപ്പെടുത്തി. ചുരത്തിലെ ആറാം വളവിൽ മുറിച്ചിട്ട മരങ്ങൾ മാറ്റുന്നതിനും, റോഡിലെ അറ്റകുറ്റ പണികളും മുൻനിർത്തിയാണ് നടപടി. മൾട്ടി ആക്സിൽ വാഹനങ്ങളും ഭാരവാഹനങ്ങളും നാടുകാണി ചുരം വഴിയോ, കുറ്റ്യാടി ചുരം വഴിയോ പോകേണ്ടതാണെന്ന് അധികൃതർ അറിയിച്ചു.

✪✪✪

മഹാമാഘമഹോത്സവത്തിന് തിരുനാവായ ഭാരതപ്പുഴയിൽ നിർമിച്ച താത്കാലിക പാലം കൂടുതൽ ബലപ്പെടുത്താൻ പൊതുമരാമത്ത് എൻജിനിയർമാരുടെ സംഘം സംഘാകർക്ക് നിർദ്ദേശം നൽകി. കൂടുതൽ താങ്ങുകൾ നൽകണമെന്നും, മധ്യഭാഗത്ത് സ്റ്റീൽഫ്രെയിം ഉപയോഗിച്ച് ഉറപ്പുകൂട്ടണമെന്നും അവർ ആവശ്യപ്പെട്ടു.

പാലത്തിന്റെ കൈവരികളിൽ വല സ്ഥാപിക്കാനും, കരയോടുചേർന്ന ഭാഗത്ത് കൂടുതൽ മണൽച്ചാക്കുകൾ വെയ്ക്കാനും അധികൃതർ നിർദേശങ്ങൾ. നിർദേശം നൽകി. ജോലികൾ ഇന്നലെ തന്നെ ആരംഭിച്ചതായി മേളയുടെ ചീഫ് കോഡിനേറ്റർ K. കേശവദാസ്, ചെയർമാൻ അരീക്കര സുധീർ നമ്പൂതിരി എന്നിവർ അറിയിച്ചു. ഹൈക്കോടതി നിർദ്ദേശപ്രകാരമായിരുന്നു താത്ക്കാലിക പാലത്തിന്റെ ബലപരിശോധന.

✪✪✪

പെരുനാട് കക്കാട്ട് ധർമ്മ ശാസ്താ ക്ഷേത്രത്തിൽ തിരുവാഭരണ വിഭൂഷിതനായ അയ്യപ്പ ദർശനത്തിന് ഇന്നലെ വൈകിട്ട് ആയിരങ്ങളെത്തി. ശബരിമലയിൽ ദർശനത്തിനെത്താൻ കഴിയാത്ത സ്ത്രീകളായിരുന്നു ഏറെയും. 'സ്ത്രീകളുടെ ശബരിമല' എന്നാണ് ഈ ക്ഷേത്രം അറിയപ്പെടുന്നത്.

✪✪✪

അഞ്ച് ദിവസത്തെ കലിക്കറ്റ് സർവകലാശാലാ C സോൺ കലോത്സവത്തിന് വേങ്ങര ചേറൂർ PPTM ആർട്സ് ആൻഡ് സയൻസ് കോളേജിൽ തുടക്കമായി. സ്റ്റേജ് മത്സരങ്ങൾ വൈകിട്ട് ആരംഭിക്കും.

✪✪✪

സംസ്ഥാനത്ത് കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരങ്ങളിൽ ഇന്ന് രാത്രി 11.30 വരെ കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കന്യാകുമാരി തീരത്തും ഇന്നു രാത്രിവരെ ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ് നൽകി.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ*
*DEO : ഷീബ*